**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4696** **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് എങ്ങനെയെന്നും ഇതിലേക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് എങ്ങനെയാണെന്നും വിശദമാക്കുമോ; | (എ) | വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാൻറ്, പ്രതിമാസ സ്റ്റൈപൻറ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകി വരുന്നു. 2020-21 ൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 32.5 കോടി രൂപ വകയിരുത്തുകയും ആയത് ജില്ലകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി പ്ലാൻ ഫണ്ടിൽ 5.33 കോടി രൂപയും നോൺ പ്ലാനിൽ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്നു. പ്രീമെട്രിക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേനയും +2 മുതലുള്ള ക്ലാസുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാൻറ്സ് പദ്ധതി വഴിയും അനുവദിച്ചു വരുന്നു. തീരദേശത്തെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി പദ്ധതി ധനസഹായം ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ് മുഖേന നടപ്പാക്കി വരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ 'വിദ്യാതീരം' പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് പരിശീലനം , സിവിൽ സർവ്വീസ് |

| | | | |
|---|---|---|---|
| | | | (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 49 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ് നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22 ൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വിവിധ പരിശീലനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന അപേക്ഷ ക്ഷണിച്ച് മാർഗ്ഗരേഖ പ്രകാരം അർഹതാ പട്ടിക തയ്യാറാക്കി തെരഞ്ഞെടുത്ത പരിശീലന സ്ഥാപനങ്ങളിൽ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക് ടെസ്റ്റ് പരിശീലനം നൽകുന്നു. സിവിൽ സർവ്വീസിന് സിവിൽ സർവ്വീസ് അക്കാദമി മുഖേനയാണ് പരിശീലനം നൽകുന്നത്. വിവിധ പരിശീലന സ്ഥാപനങ്ങളെ താൽപര്യ പത്രം ക്ഷണിച്ചാണ് തെരഞ്ഞെടുക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇൻറർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിൻറർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത 2000 മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ടാബ് വാങ്ങി നൽകുന്ന 'ജ്യോതിർഗമയ' പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം ഇതിനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | നടപ്പു സാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി പ്ലാൻ ഫണ്ടിൽ 5.33 കോടി രൂപയും നോൺ പ്ലാനിൽ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 'വിദ്യാതീരം' പദ്ധതിയ്ക്കായി 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ